കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി
Kerala Regional Latin Catholic Secretariat
P.B. No. 620, U.C. College P.O., Aluva - 683102
Tel : 0484-2603705, +91-903700222
kcymlatinofficial@gmail.com

Chairman
Rt.Rev.Dr. Dennis Kuruppassery
KRLCBC Youth Commission

Director
Rev.Fr.Anoop Kalathithara OSJ
8281 588 196

President
Mr.Paul Jose
8547 444 204

General Secretary
Mr. Sherin K R
7559 922 829

KCYM/L/2025/CL/No.12 Date: 04/07/2026

സ്നേഹബഹുമാനപ്പെട്ട വൈദീകരെ, സിസ്റ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയിൽ നിന്നുള്ള സ്നേഹാഭിവാദ്യങ്ങൾ.

അങ്ങയുടെ രൂപതയിലെ യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിലും വിശ്വാസ വഴിയിൽ അവരെ നയിക്കുന്നതിലും അങ്ങ് നൽകിക്കൊണ്ടിരിക്കുന്ന വിലയേറിയ സംഭാവനകളെ കൃതജ്ഞതയോടെ സ്മരിക്കുന്നു.

## BLAZE - ഡയറക്ടർ & ആനിമേറ്റർ മീറ്റിംഗ്

രൂപതകളിൽ യുവജന മുന്നേറ്റങ്ങൾക്ക് ആത്മീയവും പ്രായോഗികവുമായ നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട ഡയറക്ടർമാർക്കും ആനിമേറ്റർമാർക്കുമായി ഒരുക്കുന്ന കൂട്ടായ്മയാണ് 'BLAZE'. സംസ്ഥാന രൂപത സമിതികളുടെ വരുംകാല കർമ്മപദ്ധതികൾക്ക് കൂടുതൽ വ്യക്തത നൽകുന്നതിനും, സംസ്ഥാന-രൂപതാ തലങ്ങളിലുള്ള പ്രവർത്തനങ്ങളിൽ ഏകോപനവും കരുത്തും ഉറപ്പുവരുത്തി പ്രസ്ഥാനത്തെ മുന്നോട്ട് നയിക്കുന്നതിനും വേണ്ട പദ്ധതികൾ ഒരുക്കുന്നതിനും വേണ്ടിയാണ് ഈ സംഗമം ഒരുക്കിയിരിക്കുന്നത്. **2026 ജൂലൈ 18 ശനിയാഴ്ച** പാലാരിവട്ടം **പി. ഒ. സി.** യിൽ വച്ച് **രാവിലെ 9:30 മുതൽ വൈകീട്ട് 3:30** വരെ നടക്കുന്ന ഈ പരിപാടിയിലേക്ക് എല്ലാ രൂപതാ ഡയറക്ടർമാരെയും അനിമേറ്റർമാരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

## IGNITE - കെ.സി.വൈ.എം. രൂപത നേതൃസംഗമം

യുവജന നേതൃത്വത്തിന്റെ കർമ്മശേഷി വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് രൂപതാ പ്രസിഡന്റുമാർക്കും ജനറൽ സെക്രട്ടറിമാർക്കുമായി പ്രത്യേകം ഒരുക്കിയിരിക്കുന്ന നേതൃത്വ കൂട്ടായ്മയാണ് 'IGNITE'. സംസ്ഥാന-രൂപതാ സമിതികൾ തമ്മിലുള്ള പരസ്പര ബന്ധം കൂടുതൽ ഊഷ്മളമാക്കുന്നതിനും, വരുംകാല പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തും വ്യക്തതയും നൽകി യുവജനങ്ങളെ നയിക്കുന്നതിനും ഈ സംഗമം നമ്മെ കൂടുതലായി സഹായിക്കും. **2026 ജൂലൈ 18 ശനിയാഴ്ച, രാവിലെ 9:30 മുതൽ വൈകീട്ട് 3:30** വരെ പാലാരിവട്ടം **പി. ഒ. സി.** യിൽ വച്ചുതന്നെയാണ് ഈ പരിപാടിയും സംഘടിപ്പിച്ചിരിക്കുന്നത്.

*സംഘടനയുടെ ഭാവിപ്രവർത്തനങ്ങളിൽ നിർണ്ണായകമായ ഈ രണ്ട് പരിപാടികളിലും ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്മാരും സിസ്റ്റർ ആനിമേറ്റർമാരും ബന്ധപ്പെട്ട എല്ലാ ഭാരവാഹികളും കൃത്യസമയത്തു തന്നെ പങ്കുചേരണമെന്ന് ഓർമ്മിപ്പിക്കുന്നു.*

*നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യം കൂടുതൽ പരസ്പര സഹകരണത്തോടെ മനോഹരമായി പൂർത്തിയാക്കാൻ ഈ കൂട്ടായ്മകൾ നമുക്ക് സഹായകവും ഉപകാരപ്രദവുമായിരിക്കും.*

## <u>വെബ്സൈറ്റ് ഉദ്ഘാടനവും - ബ്ലഡ് ഡൊണേഷൻ സെല്ലും</u>

KRLCC രജതജൂബിലി ഉദ്ഘാടനവേദിയിൽ കെ.സി.വൈ.എം. ലാറ്റിന്റെ ഔദ്യോഗിക വെബ്സൈറ്റും ബ്ലഡ് ഡൊണേഷൻ സെല്ലും KRLCBC യുവജന കമ്മീഷൻ ചെയർമാൻ റൈറ്റ്. റവ. ഡോ. ഡെന്നിസ് കുറുപ്പശ്ശേരി പ്രകാശനം ചെയ്തു. കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന ഡയറക്ടർ ഫാ. അനൂപ് കളത്തിത്തറ OSJ, ജനറൽ സെക്രട്ടറി ഷെറിൻ കെ. ആർ., എക്സിക്യൂട്ടീവ് അംഗങ്ങളായ കാസി പൂപ്പന, അരുൺ രാജ് സി. എസ്. എന്നിവർ സന്നിഹിതരായിരുന്നു. നിങ്ങളുടെ രൂപതയിൽ നിന്നുമുള്ള BLESS ബ്ലഡ് ഡൊണേഷൻ സെല്ലിലേക്കുള്ള പരമാവധി രജിസ്ട്രേഷൻ ഉറപ്പുവരുത്താനും രൂപത സമിതികൾ പ്രത്യേകം മുൻകൈ എടുക്കണമെന്നും ഓർമിപ്പിക്കുന്നു.

ഔദ്യോഗിക വെബ്സൈറ്റ് ലിങ്ക് : https://kcymlatin.org

BLESS രജിസ്ട്രേഷൻ ലിങ്ക് : https://forms.gle/x5aLwRXDX8jJ5pSU9

## നന്ദിയോടെ...

DESTINATION 2K26 ന്റെ ഭാഗമായി നടത്തിയ ഓൺലൈൻ കരിയർ ഗൈഡൻസ് പരമ്പരയിൽ പങ്കെടുക്കുകയും പിന്തുണയ്ക്കുകയും ചെയ്ത എല്ലാ യുവജനങ്ങൾക്കും കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ പേരിലുള്ള നന്ദി അറിയിക്കുന്നു.

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിക്കു വേണ്ടി

ഷെറിൻ കെ. ആർ.

ജനറൽ സെക്രട്ടറി